"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-വയനാട് ജില്ലയിലെ കള്ളാടി ടണൽ ഫേസ്-3ൽ ഉണ്ടായ മണ്ണിടിച്ചിൽ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കുമുള്ള ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ്

സ.ഉ.(സാധാ) നം.1340/2026/RD തീയതി,തിരുവനന്തപുരം, 16-07-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.1295/2026/റവ. തീയതി 10/07/2026

2. സ.ഉ.(സാധാ) നം.298/2026/DMD തീയതി 16/07/2026

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ കള്ളാടി ടണൽ ഫേസ്-3 യിൽ ഉണ്ടായ മണ്ണിടിച്ചിലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ വീതവും, പരിക്കേറ്റവർക്ക് പരിക്കിന്റെ സ്വഭാവമനുസരിച്ച് 2 ലക്ഷം രൂപ വരെ ചികിത്സസഹായവും അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) വയനാട് ജില്ലയിലെ കള്ളാടി ടണൽ ഫേസ്-3 ൽ ഉണ്ടായ മണ്ണിടിച്ചിലിൽ മരണപ്പെട്ട 8 പേരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ വീതം ആകെ 40,00,000/- (നാല്പത് ലക്ഷം രൂപ മാത്രം) രൂപയും, പരിക്കേറ്റ 9 പേർക്ക് 2 ലക്ഷം രൂപ വീതം ആകെ 18,00,000/- (പതിനെട്ട് ലക്ഷം രൂപ മാത്രം) രൂപയും ചേർത്ത് ആകെ 58,00,000/- (അമ്പത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കാൻ പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് വയനാട് ജില്ലയിലെ കള്ളാടി ടണൽ ഫേസ്-3 ൽ ഉണ്ടായ മണ്ണിടിച്ചിലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും ചേർത്ത് ആകെ **58,00,000/- (അമ്പത്തിയെട്ട് ലക്ഷം രൂപ മാത്രം)** രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

വിതരണത്തിനാവശ്യമായി വരുന്ന **58,00,000/- (അമ്പത്തിയെട്ട് ലക്ഷം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ

ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
കമ്മീഷണർ,ഡിസാസ്റ്റർ മാനേജ്മെന്റ് തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ദുരന്ത നിവാരണ (ബി )വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Ajitha V V
Date: 16-07-2026
18:03:20
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ (IAS) പി .എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി .എ.യ്ക്ക്
റവന്യൂ ഡി.ആർ.എഫ്-എ/ഡി.ആർ-ബി വകുപ്പുകൾ